KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/10/2021

# ഗഞ്ചാവുമായി കോട്ടയം സ്വദേശിയായ യുവാവ് അറസ്റ്റിൽ

കൊല്ലം : കോട്ടയം സ്വദേശി ഗഞ്ചാവുമായി കന്നേറ്റിയിൽ പാലത്തിന് സമീപം വച്ച് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായി. കോട്ടയം കുറിച്ചി അഞ്ചലശ്ശേരി വീട്ടിൽ ഉണ്ണി കൃഷ്ണനാണ് പോലീസ് പിടിയിലായത്. കോട്ടയം സ്വദേശിയായ ഇയാൾ വധശ്രമ കേസിന് ശിക്ഷിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളയാളാണ്. നിരവധി കേസുകളിൽ പ്രതിയായതിനെ തുടർന്ന് കാപ്പാ പ്രകാരം കരുതൽ തടങ്കലിലും കഴിഞ്ഞിട്ടുണ്ട്. തുടർന്ന് ഓച്ചിറ ആലുപീടികയിൽ താമസിച്ച്വരുന്ന ഇയാൾക്ക് ഗഞ്ചാവ് വ്യാപാരവുമായി ബന്ധമുണ്ടെന്ന് ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിരീക്ഷണത്തിനൊടുവിലാണ് ഇയാൾ ഗഞ്ചാവുമായി പോലീസ് പിടിയിലായത്. പിടികൂടുമ്പോൾ ഇയാളുടെ പക്കൽ നിന്നും 126 ഗ്രാം ഗഞ്ചവ് കണ്ടെടുത്തു.


ഉണ്ണികൃഷ്ണൻ

കരുനാഗപ്പള്ളി ഇൻസ്പെക്ടർ ജി.ഗോപകുമാർ, എസ്സ്.ഐമാരായ അലോഷ്യസ് അലക്സാണ്ടർ, ജയശങ്കർ, സിദ്ധിക്ക്, എ.എസ്സ്.ഐ മാരായ ഷാജിമോൻ, നന്ദകുമാർ, ശ്രീകുമാർ, സി.പി.ഓ മാരായ ശ്രീകാന്ത്, ശ്രീജിത്ത് എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.

# അഞ്ച് ലക്ഷം രൂപ വില വരുന്ന 20000 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

കൊല്ലം : കരുനാഗപ്പള്ളി പുത്തൻതെരുവിന് പടിഞ്ഞാറ് നിന്നും നിന്നും 20000 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. വിപണിയിൽ അഞ്ച് ലക്ഷം രൂപ വിലമതിക്കുന്നതാണ് ഇത്. കരുനാഗപ്പള്ളിയിലും പരിസര പ്രദേശങ്ങളിലും വിൽപ്പനയ്ക്ക് വേണ്ടി സൂക്ഷിച്ചിരുന്ന പുകയിലയാണ് പോലീസ് സംഘം പിടികൂടിയത്. പുത്തൻതെരുവിന് പടിഞ്ഞാറ് നാജാദ് എന്നയാളിന്റെ വീടിന്റെ കുളിമുറിയിൽ പതിനഞ്ച് ചാക്കുകളിലായിട്ട് ഹാൻസ്, ശംഭു തുടങ്ങിയ ഇനത്തിൽപ്പെട്ട നിരോധിത പുകയില ഉൽപ്പന്നങ്ങൾ സൂക്ഷിച്ചിരുന്നത്. തുടർന്ന് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. വീട്ടിൽ നിരോധിത പുകയില ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ കണ്ടെത്തിയത്. കരുനാഗപ്പള്ളി ഇൻസ്പെക്ടർ ജി.ഗോപകുമാർ, എസ്സ്.ഐമാരായ അലോഷ്യസ് അലക്സാണ്ടർ, ജയശങ്കർ, സിദ്ധിക്ക്, എ.എസ്സ്.ഐ മാരായ ഷാജിമോൻ, നന്ദകുമാർ, ശ്രീകുമാർ, സി.പി.ഓ മാരായ ശ്രീകാന്ത്, ശ്രീജിത്ത് എന്നിവരടങ്ങിയ സംഘമാണ് ഇവ പിടികൂടിയത്.



പിടികൂടിയ പുകയില ഉത്പന്നങ്ങൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ മുന്നിൽ കൂട്ടിയിട്ടിരിക്കുന്നു.

## വീട്ടുപകരണങ്ങൾ എടുത്തുമാറ്റിയ യുവാക്കളെ ആക്രമിച്ച സംഘത്തിലെ രണ്ട് പേർ പോലീസ് പിടിയിൽ

കൊല്ലം : സുഹൃത്തിന്റെ വീട് മാറ്റവുമായി ബന്ധപ്പെട്ട് സഹായിക്കനെത്തിയ യുവാക്കളെ ആക്രമിച്ച സംഘത്തിലെ രണ്ട് പേർ പോലീസ് പിടിയിലായി. മുഖത്തല പാങ്കോണം എന്ന സ്ഥലത്ത് കാരക്കാട്ട് വീട്ടിൽ ധർമ്മരാജൻ മകൻ ധനിൻ രാജ് (23), മുഖത്തല കിഴവൂർ ഷീലാ ഭവനിൽ ജനാർദ്ദനൻപിള്ള മകൻ ഗിരീഷ്കുമാർ (46) എന്നിവരാണ് പോലീസ് പിടിയിലായത്. സുഹൃത്തായ പ്രദീപിന്റെ വാടക വീട് മാറുന്നതുമായി സഹായിക്കാൻ എത്തിയ സുഹൃത്ത്സംഘമാണ് ആക്രമണത്തിന് ഇരയായത്. തൃക്കോവിൽവട്ടം പാങ്കോണം കശുവണ്ടി ഫാക്ടിക്കടുത്തുള്ള ഷാജിതയുടെ വീട്ടിൽ നിന്നും ഗൃഹോപകരണങ്ങൾ എടുത്തുമാറ്റുമ്പോഴായിരുന്നു ആക്രമണം ഉണ്ടായത്. പുറത്ത് നിന്നുള്ളവർ തൊഴിൽ ചെയ്യേണ്ടയെന്ന് ആക്രോശിച്ച് കൊണ്ട് അക്രമി സംഘം ഇവരെ ആക്രമിക്കുകയായിരുന്നു. സംഭവത്തിൽ നാല് പേർക്ക് പരിക്ക്പ്പറ്റി. മുഖാസ്ഥിക്ക് പൊട്ടലേറ്റ മുണ്ടക്കൽ സ്വദേശിയായ പ്രജിത്ത് ജില്ലാ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും ചികിത്സതേടി. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന്റെ നിർദ്ദേശാനുസരണം ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണർ ഗോപകുമാർ.ജി യുടെ നേതൃത്ത്വത്തിൽ സബ്ബ് ഇൻസ്പെക്ടർമാരായ സുജിത്ത് ജി നായർ, ഷിഹാസ്, എ.എസ്സ്.ഐ സുനിൽ കുമാർ സി.പി.ഒ സാംജി ജോൺ അനൂപ് ബിജു എന്നിവരടങ്ങിയ സംഘം പ്രതികളെ മുഖത്തല നിന്നും പിടി കൂടുകയായിരുന്നു. ഇവർക്ക് അംഗീകൃത ചുമട്ടു തൊഴിലാളി സംഘടനകളുമായി ബന്ധമില്ലായെന്ന് അന്വേഷണത്തിൽ അറിവായിട്ടുണ്ട്. ഇവരെ റിമാന്റ് ചെയ്തു.



ധനിൻ രാജ്



ഗിരീഷ്കുമാർ

## ക്വാറന്റെൻ ലംഘിച്ച വാളത്തുംഗൽ സ്വദേശി പോലീസ് പിടിയിലായി

### ക്വാറന്റെൻ ലംഘനത്തിന് പതിനാറ് പേർക്കെതിരെ നടപടി സ്വീകരിച്ച് കൊല്ലം സിറ്റി പോലീസ്